മി. സ്പീക്കർ: ഓർഡർ, ഓർഡർ....

**അടിയന്തരപ്രമേയം**

ഓൺലൈൻ പഠനരംഗത്തെ പ്രശ്നങ്ങൾ

മി. സ്പീക്കർ: സംസ്ഥാനത്ത് കോവിഡിന്റെ രണ്ടാം വ്യാപനം രൂക്ഷമായിരിക്കുന്ന പശ്ചാത്തലത്തിലും മുൻ വർഷത്തെപ്പോലെ ഈ വർഷവും സ്കൂൾ വിദ്യാഭ്യാസം ഓൺലൈനായി നടത്താൻ സർക്കാർ തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിലും സംസ്ഥാനത്ത് നിലനിൽക്കുന്ന ഡിജിറ്റൽ ഡിവൈഡും ഓൺലൈൻ വിദ്യാഭ്യാസത്തിനാവശ്യമായ ഉപകരണങ്ങളുടെ അഭാവവുംമൂലം സംസ്ഥാനത്തെ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ പഠനം വഴിമുട്ടിയ ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ റോജി. എം. ജോൺ, പി. കെ. ബഷീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി):

സർ, കഴിഞ്ഞ വർഷവും ഈ വർഷവും കോവിഡ് കാരണം സ്കൂളുകൾ തുറന്നു

പ്രവർത്തിക്കാൻ കഴിയാത്ത ഒരു പ്രത്യേക സാഹചര്യം നിലനിൽക്കുകയാണ്. എങ്കിലും നമ്മളെല്ലാവരുടെയും പരിശ്രമവും കൂട്ടായ്മയുംകൊണ്ട് ഡിജിറ്റൽ ക്ലാസ്സുകൾ വഴി വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് വിദ്യാഭ്യാസം നൽകാൻ കഴിഞ്ഞിട്ടുണ്ട്. പരമാവധി വിദ്യാർത്ഥികളെ ഓൺലൈൻ ക്ലാസ്സുകളിലെത്തിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും അദ്ധ്യാപകരുടെയും സ്കൂൾ മാനേജ്മെന്റിന്റെയും എം.എൽ.എ.-മാരുടെയുമൊക്കെ കൂട്ടായ പരിശ്രമത്തിലൂടെ കഴിഞ്ഞിട്ടുണ്ട്. അവധി ദിവസം പോലും ഡിജിറ്റൽ ക്ലാസ്സുകൾ പ്രയോജനപ്പെടുത്തുന്ന രൂപത്തിലുള്ള സംവിധാനങ്ങൾ പല സ്ഥലത്തും ഏർപ്പാട് ചെയ്യുന്നതിന് നമുക്ക് കഴിഞ്ഞിട്ടുണ്ട്. കൈറ്റ് വിക്ടേഴ്സ് ചാനൽ വഴിയാണ് ഡിജിറ്റൽ ക്ലാസ്സുകൾ നൽകുന്നതിനുള്ള തീരുമാനം സർക്കാർ സ്വീകരിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ 2020 ജൂൺ 1 മുതൽ (ഞാൻ കഴിഞ്ഞ വർഷത്തെ കാര്യമാണ് പറയുന്നത്) രണ്ടാഴ്ചക്കാലത്തേയ്ക്ക് ട്രയലായി ഡിജിറ്റൽ ക്ലാസ്സ് നടത്തുന്ന രീതിക്ക് തുടക്കം കുറിച്ചു. നമ്മളെ

സംബന്ധിച്ചിടത്തോളവും കുട്ടികളെ സംബന്ധിച്ചിടത്തോളവും പുതിയൊരു അനുഭവമായതുകൊണ്ടാണ് കഴിഞ്ഞ വർഷം ട്രയലായിത്തന്നെ ക്ലാസ്സുകൾ നടത്താൻ തീരുമാനിച്ചത്. അതിനുശേഷമാണ് സാധാരണനിലയിലുള്ള ക്ലാസ്സുകൾക്ക് തുടക്കം കുറിക്കുന്നതിനുവേണ്ടി കഴിഞ്ഞിട്ടുള്ളത്. ട്രയൽ റൺ നടത്തിയതോടുകൂടി എല്ലാ വിദ്യാർത്ഥികൾക്കും ഡിജിറ്റൽ ക്ലാസ്സ് എത്തുന്നുവെന്ന് ഉറപ്പാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. അതിന്റെ മുന്നോടിയായിട്ടാണ് സമഗ്ര ശിക്ഷ കേരളയുടെ നേതൃത്വത്തിൽ ഡിജിറ്റൽ വീഡിയോ ക്ലാസ്സ് കാണുന്നതിന് ബുദ്ധിമുട്ടുള്ള വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനുവേണ്ടി ഒരു സർവ്വെ നടത്തിയത്. കഴിഞ്ഞവർഷം ഏതാണ്ട് 40 ലക്ഷം വിദ്യാർത്ഥികൾ ഉണ്ടായിരുന്നതിൽ ഏകദേശം 2.6 ലക്ഷം കുട്ടികൾക്ക് ഇപ്രകാരം സൗകര്യങ്ങൾ കുറവാണെന്നാണ് സർവ്വെയിൽ കണ്ടെത്തിയത്. ട്രയൽ ക്ലാസ്സുകളിൽ കുട്ടികൾ പങ്കെടുക്കുന്നുണ്ടോയെന്നും അവർക്ക് ക്ലാസ്സുകൾ കാണുന്നതിനുള്ള ഉപകരണങ്ങളുടെ ദൗർലഭ്യമുണ്ടോയെന്നും അദ്ധ്യാപകർ നേരിട്ട് വിലയിരുത്തുകയും സ്കൂൾ തലത്തിൽ വിവിധ ഏജൻസികളുടെ ഒരു കൂട്ടായ്മ

സംഘടിപ്പിക്കുന്നതിനുവേണ്ടി തയ്യാറാവുകയും ചെയ്തു. കുടുംബശ്രീ, പാരന്റ് ടീച്ചേഴ്സ് അസോസിയേഷൻ, തദ്ദേശസ്വയംഭരണ വകുപ്പ്, പൂർവ്വ വിദ്യാർത്ഥികൾ, സ്കൂളിലെ ഭാരവാഹികൾ തുടങ്ങിയവർ ഉൾപ്പെടുന്ന ഒരു ജനകീയ സമിതി ഡിജിറ്റൽ വിദ്യാഭ്യാസത്തിന്റെ ആനുകൂല്യങ്ങൾ ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് അതിനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇവരുടെ സഹകരണത്തോടെ അടിയന്തരയോഗങ്ങൾ ചേർന്ന് ഓരോ കുട്ടിക്കും ഡിജിറ്റൽ ക്ലാസ്സ് ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ നടത്തുകയുണ്ടായി. സ്കൂൾ തലത്തിൽ പരിഹരിക്കാൻ കഴിയാത്ത വിഷയങ്ങൾ എ.ഇ.ഒ.തലത്തിലും ഡി.ഇ.ഒ.തലത്തിലും ആർ.ഡി.ഡി.തലത്തിലും എ.ഡി.തലത്തിലും പരിഹരിക്കുകയും ഇവരെകൊണ്ട് പരിഹരിക്കാൻ കഴിഞ്ഞില്ലായെങ്കിൽ വിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ പരിഹരിക്കാൻ വേണ്ടിയുള്ള പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയുമാണ്. ഇക്കാര്യത്തിൽ എം.എൽ.എ.-മാർ ഏറ്റവും പ്രധാനപ്പെട്ട പങ്കുവഹിക്കുന്നുണ്ട്. പ്രവേശനോത്സവം

തുടങ്ങുന്നതിനുമുമ്പ് ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് സംസാരിച്ചപ്പോൾ എല്ലാ എം.എൽ.എ.-മാർക്കും നിർദ്ദേശം കൊടുക്കാമെന്ന് അദ്ദേഹം പറഞ്ഞു. ഒരു ടെലിവിഷൻ ചാനലിന്റെ ചർച്ചയിൽ പങ്കെടുത്ത അവസരത്തിൽ ഒന്നുരണ്ട് കുട്ടികൾ മൊബൈൽ ഫോണിന്റെ ബുദ്ധിമുട്ട് പറഞ്ഞയുടൻ തന്നെ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എം.എൽ.എ.-മാർ സജീവമായി ഇടപെട്ട് അവർക്ക് മൊബൈൽ ഫോൺ, ടെലിവിഷൻ സൗകര്യങ്ങൾ എന്നിവ ഒരുക്കിക്കൊടുക്കാൻ തയ്യാറായിട്ടുണ്ട്. അവരോടൊക്കെ ഞാൻ നന്ദി രേഖപ്പെടുത്തുകയാണ്. ഇപ്രകാരം ദിനംപ്രതി ഡിജിറ്റൽ സൗകര്യങ്ങളില്ലാതെ വരുന്ന കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നതായി നമുക്ക് കാണാൻ കഴിയും. ട്രയൽ ക്ലാസ്സുകൾ പൂർത്തിയായ മുറയ്ക്കുമാത്രമേ നമുക്ക് ഡിജിറ്റൽ ക്ലാസ്സുകൾ ആരംഭിക്കുന്നതിന് കഴിയുകയുള്ളൂ. ഡിജിറ്റൽ ക്ലാസ്സ് എന്നുപറയുന്നത് നമുക്ക് പുതിയൊരു അനുഭവമാണല്ലോ? കഴിഞ്ഞവർഷം എല്ലാ കുട്ടികൾക്കും ഡിജിറ്റൽ ക്ലാസ്സിനാവശ്യമുള്ള സൗകര്യങ്ങൾ ഇല്ലായെന്നതിനെ സംബന്ധിച്ച്

ഹൈക്കോടതിയിൽ ഒരു കേസ്സുണ്ടായിരുന്നു. പ്രസ്തുത കേസ്സുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിരീക്ഷിച്ചപ്പോൾ കോടതി സംതൃപ്തി രേഖപ്പെടുത്തുകയുണ്ടായി. കോടതി ഡിജിറ്റൽ ക്ലാസ്സ് നടത്തുന്നതിനുവേണ്ടിയുള്ള അനുവാദവും നൽകിയിട്ടുണ്ട്. ഈ വർഷം കഴിഞ്ഞ വർഷത്തെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഡിജിറ്റൽ ക്ലാസ്സുകൾ കൈറ്റ് വിക്ടേഴ്സ് ചാനൽ വഴിയാണ് ആരംഭിച്ചിട്ടുള്ളത്. ഇപ്രാവശ്യം ട്രയൽ കാലയളവിൽ മുഴുവൻ കുട്ടികൾക്കും കാണാൻ അവസരം ഉറപ്പാക്കിയതിനുശേഷമാണ് തുടർ ക്ലാസ്സിന്റെ നടപടി ആരംഭിക്കുന്നത്. ഒന്നാം തീയതി മുതൽ പത്ത് പതിനഞ്ചുദിവസം ട്രയൽ ക്ലാസ്സ് നടത്തിയതിനുശേഷമായിരിക്കും ക്ലാസ്സുകൾ ആരംഭിക്കുന്നത്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത് ഡിജിറ്റൽ സംവിധാനമാണ്. കുട്ടികൾക്ക് അദ്ധ്യാപകരെ നേരിട്ട് കാണാനോ, അദ്ധ്യാപകർക്ക് കുട്ടികളെ നേരിൽ കണ്ട് ആശയവിനിമയം നടത്തുന്നതിനോ കഴിയുകയില്ല. നമ്മളെ സംബന്ധിച്ചിടത്തോളം കുട്ടിയും അദ്ധ്യാപകരും തമ്മിൽ ആശയവിനിമയം നടത്തണം. അങ്ങനെ നടത്താത്തതിന്റെ ഫലമായുള്ള ഒരുപാട് സാമൂഹിക

പ്രശ്നങ്ങൾ കുട്ടികളെ സംബന്ധിച്ചിടത്തോളമുണ്ട്. വിദ്യാഭ്യാസ വകുപ്പ് നടത്തിയ ഒരു പഠനത്തിൽ അത് നിരീക്ഷിച്ചിട്ടുണ്ട്. അത് ഞാനിവിടെ സൂചിപ്പിക്കുന്നില്ല.

ഈ വർഷം ഡിജിറ്റൽ ക്ലാസ്സ് കഴിഞ്ഞാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചതുപോലെ ഘട്ടംഘട്ടമായി ഓൺലൈൻ ക്ലാസ്സുകളിലേയ്ക്ക് പോകണമെന്നുള്ള ആലോചനയാണ് നമ്മുടെ മുന്നിലുള്ളത്. മുഴുവൻ കുട്ടികൾക്കും ഈ സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനുവേണ്ടി ഗവൺമെന്റ് തയ്യാറാകുമെന്നുള്ള കാര്യം ഞാനിവിടെ ഉറപ്പുനൽകുകയാണ്. ഇതൊരു ഭരണ-പ്രതിപക്ഷ വിഷയമായി എടുക്കേണ്ടതല്ല. ഞാൻ നേരത്തെ പറഞ്ഞതുപോലെ പൊതുവിദ്യാഭ്യാസ യജ്ഞത്തെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി സംസ്ഥാനത്ത് കക്ഷിരാഷ്ട്രീയത്തിനധീതമായി എല്ലാവരുടെയും സഹായ സഹകരണങ്ങൾ ലഭിച്ചിട്ടുണ്ട്.

അതുപോലെ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നം ഇന്റർനെറ്റ് സൗകര്യങ്ങളുടെ കുറവാണ്. ഇടുക്കി, വയനാട്, പത്തനംതിട്ട, കാസർഗോഡ് ജില്ലയിലെ ചില ഭാഗങ്ങൾ എന്നിവിടങ്ങളിലെല്ലാം ഇന്റർനെറ്റ് സൗകര്യങ്ങളുടെ കുറവുണ്ട്. കൂട്ടായ ആലോചനയിലൂടെ അതിന് പരിഹാരം കാണുന്നതിനുവേണ്ടിയുള്ള പരിശ്രമം ഈ ഗവൺമെന്റ് നടത്തുമെന്ന് ഞാനിവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. വിദ്യാഭ്യാസ വകുപ്പിൽ സൗകര്യങ്ങൾ ഏർപ്പാട് ചെയ്യുന്നതിന്റെ ഭാഗമായി ഒരു ലക്ഷത്തി ഇരുപതിനായിരത്തോളം ലാപ് ടോപ്പുകളും എഴുപതിനായിരത്തോളം പ്രോജക്ടറുകളും പഠനത്തിനുപയോഗിക്കുന്നതിനുവേണ്ടി വിവിധ സ്കൂളുകൾക്ക് നൽകിയിട്ടുണ്ട്. വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നം തന്നെയാണ് സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവന്നിട്ടുള്ളത്. ഇത് അടിയന്തരപ്രമേയം എന്നുള്ള നിലയിൽ ഒരു വിവാദ ചർച്ച നടത്തുന്നതിനുവേണ്ടിയുള്ള വിഷയമല്ല. നമ്മളെല്ലാവരും ചേർന്നുകൊണ്ട് പരിഹാരം കാണേണ്ട ഒരു പ്രശ്നമാണ്. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കിയ ഒരു രാജ്യത്ത് വിദ്യാഭ്യാസരംഗത്ത് രാജ്യത്തിനുതന്നെ മാതൃകയാണെന്ന് അവകാശപ്പെടുന്ന കേരളത്തിൽ ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ ഓൺലൈൻ പഠനത്തിന് സൗകര്യമില്ലാത്ത അതീവ ഗുരുതരമായ ഒരു സാഹചര്യം നിലനിൽക്കുമ്പോൾ ആ വിഷയം സഭ ചർച്ച ചെയ്യാതെ മറ്റേത് വിഷയമാണ് നമ്മൾ ചർച്ച ചെയ്യുന്നത്. അങ്ങ് പറഞ്ഞതുപോലെ ഇതൊരു വിവാദത്തിനുവേണ്ടിയോ ആരോപണങ്ങൾക്കോ കുറ്റപ്പെടുത്തലുകൾക്കോ വേണ്ടി ഞങ്ങൾ കൊണ്ടുവന്ന അടിയന്തരപ്രമേയമല്ല. ഇന്ന് സംസ്ഥാനത്ത് നിലനിൽക്കുന്ന ഒരു യാഥാർത്ഥ്യം, അതിന്റെ നേർക്കാഴ്ച നമ്മളിവിടെ ചർച്ച ചെയ്യണം. ആ പ്രശ്നത്തിന് പരിഹാരം കാണണം. സർക്കാർ അതിൽ ഇടപെടും എന്ന വിശ്വാസത്തോടെ തന്നെയാണ് ഞങ്ങൾ ഈ അടിയന്തരപ്രമേയം ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. അതുകൊണ്ട് നമ്മളിത് ചർച്ച ചെയ്യുക തന്നെ വേണം.

കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ തുടർച്ചയായി രണ്ടാം വർഷമാണ് നമ്മൾ ഓൺലൈൻ അല്ലെങ്കിൽ ഡിജിറ്റൽ

വിദ്യാഭ്യാസത്തിലേയ്ക്ക് കടക്കുന്നത്. കഴിഞ്ഞ ഒരു വർഷത്തെ അനുഭവപാഠം നമ്മുടെ മുന്നിലുണ്ട്. ആ അനുഭവപാഠത്തിൽനിന്നും നമ്മൾ എന്തെല്ലാം പാഠം ഉൾക്കൊണ്ടുവെന്ന് ചിന്തിക്കേണ്ടതുണ്ട്. ഇന്നലത്തെ മലയാള മനോരമ പത്രത്തിന്റെ ഫ്രണ്ട് പേജിൽ ഇടുക്കിയിലെ ഒരു അധ്യാപിക അവിടെ ഇന്റർനെറ്റ് സൗകര്യമില്ലാത്തതുകൊണ്ട് ഒരു സ്കൂളിലെ വിദ്യാർത്ഥികളെ ഒരു കുന്നിന് മുകളിലെത്തിച്ച് സ്വന്തം ഫോണിലൂടെ പ്രവേശനോത്സവത്തിൽ പങ്കെടുപ്പിച്ച ചിത്രമുണ്ടായിരുന്നു. വളരെ നല്ലൊരു കാഴ്ചയാണ് അത്. ഞാൻ ആ ടീച്ചറെ അഭിനന്ദിക്കുകയാണ്. അതുപോലെ നിരവധി ടീച്ചർമാർ നമ്മുടെ കേരളത്തിൽ അങ്ങോളമിങ്ങോളമുണ്ട് എന്ന യാഥാർത്ഥ്യം നമ്മൾ തിരിച്ചറിയാതെ പോകരുത്. ഇവിടെ നിലനിൽക്കുന്ന ഒന്നാമത്തെ വിഷയം നമ്മുടെ സംസ്ഥാനത്ത് ആയിരക്കണക്കിന് വിദ്യാർത്ഥികൾക്കാണ് ഓൺലൈൻ പഠനത്തിനാവശ്യമായ ടി.വി., സ്മാർട്ട് ഫോൺ, ടാബ് ലെറ്റ്, ലാപ് ടോപ്പ് എന്നിവ ഇല്ലാത്തത് എന്നതാണ്. കഴിഞ്ഞവർഷം ഏകദേശം രണ്ടുലക്ഷത്തി അറുപതിനായിരത്തോളം വിദ്യാർത്ഥികൾക്ക് ഇതിന് സൗകര്യമില്ലായെന്ന കണക്ക് സർക്കാർ എടുത്തിരുന്നുവെന്ന് അങ്ങിവിടെ പറയുകയുണ്ടായി. ഈ വർഷം ഈ കണക്ക് എടുത്തിട്ടുണ്ടോ? എത്ര

വിദ്യാർത്ഥികൾക്ക് നിലവിൽ ഇതുപോലുള്ള പഠനസൗകര്യമില്ല എന്നുള്ളതിന്റെ കൃത്യമായ കണക്ക് നമ്മുടെ പക്കലുണ്ടോ? ഇവിടെ എത്രയോ ജനപ്രതിനിധികളിരിക്കുന്നു. ഇവിടെയിരിക്കുന്ന മുഴുവൻ ജനപ്രതിനിധികളെയും കഴിഞ്ഞ കുറേ ദിവസങ്ങളായി അദ്ധ്യാപകരും രക്ഷിതാക്കളും വിദ്യാർത്ഥികളും മാറിമാറി വിളിച്ചുകൊണ്ടിരിക്കുകയാണ്. ഒരു സ്മാർട്ട് ഫോണോ ടി.വി.-യോ ലാപ് ടോപോ നെറ്റ് സൗകര്യമോ ടാബ് ലെറ്റോ ആയിരിക്കാം അവരാവശ്യപ്പെടുന്നത്. ബഹുമാനപ്പെട്ട മന്ത്രിയുടെ ഒരു ചാനൽ പരിപാടിയിൽ ഒരു വിദ്യാർത്ഥി വിളിച്ചപ്പോൾ അദ്ദേഹം ഉടൻ തന്നെ കൊച്ചിയിലെ സ്ഥലം എം.എൽ.എ.-യെ വിളിച്ച് നിർദ്ദേശം നൽകുകയും അദ്ദേഹം ഒരു ഫോൺ കൊടുത്തുയെന്ന് പറയുകയുണ്ടായി. ബഹുമാനപ്പെട്ട കെ. രാധാകൃഷ്ണൻ മന്ത്രി ഇവിടെ സന്നിഹിതനാണ്. അദ്ദേഹത്തോടും ഓൺലൈൻ പരിപാടിയിൽ കൊണ്ടോട്ടിയിൽ നിന്നുള്ള ഒരു വിദ്യാർത്ഥി വിളിച്ച് ഒരു ഫോൺ ആവശ്യപ്പെട്ടു. എനിക്കുതോന്നുന്നു അദ്ദേഹവും കൊണ്ടോട്ടി എം.എൽ.എ.-യുമായി ബന്ധപ്പെട്ട്

അതുകൊടുക്കാനുള്ള ക്രമീകരണമുണ്ടാക്കി. നമ്മുടെ സംസ്ഥാനത്ത് എത്ര വിദ്യാർത്ഥികൾക്ക് ഇതുപോലെ മന്ത്രിമാരെയോ എം.എൽ.എ.-മാരെയോ നേരിട്ട് വിളിച്ച് അവരുടെ ആവശ്യങ്ങൾ ഉന്നയിക്കാനും അതിനപ്പോൾത്തന്നെ പരിഹാരം കാണാനും കഴിയുമെന്ന് നമ്മൾ ചിന്തിക്കേണ്ടതായിട്ടില്ലേ. ഏഷ്യാനെറ്റ് ഓൺലൈൻ പഠനത്തിന്റെ പോരായ്മകളെ സംബന്ധിച്ച് 'ഇ-ക്ലാസിൽ ഹാജരുണ്ടോ' എന്ന പരമ്പര നടത്തുകയുണ്ടായി. എത്രയെത്ര വിഷമകരമായിട്ടുള്ള കഥകളാണ് നമ്മൾ അതിലൂടെ ഓരോ ദിവസവും കണ്ടുകൊണ്ടിരിക്കുന്നത്. അതീവ ഗുരുതരമായിട്ടുള്ള ഒരു ഡിജിറ്റൽ ഡിവൈഡ് നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നുവെന്ന യാഥാർത്ഥ്യം നമ്മൾ കാണാതെ പോകരുത്. ശാസ്ത്രസാഹിത്യ പരിഷത്ത് ഇതിനെ സംബന്ധിച്ച് ഒരു പഠനം നടത്തുകയുണ്ടായി. അവരുടെ പഠനം അനുസരിച്ച് 67 ശതമാനം കുട്ടികൾക്കാണ് കഴിഞ്ഞ വർഷത്തെ ക്ലാസുകളിൽ ഫലപ്രദമായി പങ്കെടുക്കാൻ സാധിച്ചത്. കേരളത്തിലെ 14 ശതമാനം കുട്ടികൾക്ക്

ആവശ്യമായ സ്മാർട്ട് ഫോണില്ലായെന്ന് അവർ പറയുകയാണ്. സർക്കാരിൽ ഇതിനെ സംബന്ധിച്ചുള്ള ഔദ്യോഗിക പഠനമുണ്ടോ എന്നെനിക്കറിയില്ല. രക്ഷിതാവിന്റെ ഫോണുപയോഗിക്കുന്ന 5 ശതമാനം കുട്ടികൾക്ക് പകൽ സമയത്ത് ക്ലാസ്സുകൾ കാണാൻ പറ്റുന്നില്ല. അവർക്ക് വൈകുന്നേരങ്ങളിലോ രാത്രിയിലോ രക്ഷിതാക്കൾ പണി കഴിഞ്ഞ് തിരിച്ചുവന്നതിനുശേഷമാണ് പലപ്പോഴും ക്ലാസ്സുകൾ കാണാൻ സാധിക്കുന്നത്. ലൈവ് ക്ലാസ്സാണെങ്കിൽ അത് സാധിക്കുകയുമില്ല. സർക്കാരിന്റെ 'സ്റ്റുഡന്റ് ലാപ് ടോപ്' എന്നൊരു പദ്ധതിയുണ്ടായിരുന്നു. 2020 ജൂണിൽ അതിനെ സംബന്ധിച്ച് വലിയൊരു പ്രഖ്യാപനം സർക്കാർ നടത്തിയതാണ്. നല്ലൊരു പദ്ധതിയാണ്. എന്നാൽ ആ പദ്ധതി പ്രകാരം എത്ര ലാപ് ടോപ്പുകൾ നമ്മൾ ഇതിനോടകം വിതരണം ചെയ്തു. ഞാൻ മനസ്സിലാക്കുന്നതനുസരിച്ച് ഏകദേശം ഒന്നര ലക്ഷത്തോളം അപേക്ഷകൾ ഈ പദ്ധതി വഴി സർക്കാരിന് ലഭിക്കുകയുണ്ടായി എന്നാണ്. ഏകദേശം അറുപത്തിനാലായിരത്തോളം ആളുകൾ കുടുംബശ്രീ വഴി കൃത്യമായി മൂന്ന് മാസത്തെ തവണ അടച്ച് ആ പദ്ധതിയിൽ

ചേരുകയുണ്ടായി. എന്നാൽ അതിൽ കേവലം 4000 ലാപ് ടോപ്പുകൾ മാത്രമാണ് നമുക്ക് ലഭ്യമായത് എന്നാണ് അറിയാൻ കഴിഞ്ഞത്. സെപ്റ്റംബർ ആയാൽ പോലും നിലവിലെ സാഹചര്യത്തിൽ അപേക്ഷ നൽകിയ 64000 ആളുകൾക്ക് അത് വിതരണം ചെയ്യാൻ സാധിക്കില്ല എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ദയവായി അങ്ങത് പരിശോധിക്കണം. സർക്കാർ പ്രഖ്യാപിച്ച മറ്റൊരു പദ്ധതിയായിരുന്നു 'കൊക്കോണിക്സ് ലാപ് ടോപ് പദ്ധതി'. സർക്കാർ തന്നെ കെൽട്രോണുമായി സഹകരിച്ചുകൊണ്ട് കുറഞ്ഞ ചെലവിൽ കുറഞ്ഞ വിലയിൽ ലാപ് ടോപ് ഉൽപ്പാദിപ്പിക്കുന്ന പദ്ധതി. ആ പദ്ധതിയനുസരിച്ച് എത്ര വിദ്യാർത്ഥികൾക്ക് ഇവിടെ ലാപ് ടോപ് കൊടുക്കാൻ സാധിച്ചിട്ടുണ്ട്. മുഴുവൻ വിദ്യാർത്ഥികൾക്കും ഓൺലൈൻ പഠന സൗകര്യം ഉറപ്പുവരുത്തുമെന്ന് അങ്ങിവിടെ സൂചിപ്പിക്കുകയുണ്ടായി. വളരെ നല്ല കാര്യം. ഞാനത് സ്വാഗതം ചെയ്യുന്നു. പക്ഷെ അതെങ്ങനെ ചെയ്യുമെന്ന് വ്യക്തമാക്കണ്ടേ? വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും ആശങ്ക ദൂരീകരിക്കണ്ടേ? ഞാൻ

വളരെ വിനയത്തോടെ ചോദിക്കുകയാണ്, കഴിഞ്ഞ ഒരു വർഷം മുതൽ ഈ നിമിഷം വരെ ഈ ഓൺലൈൻ ഡിവൈഡ്/ഡിജിറ്റൽ ഡിവൈഡ് പരിഹരിക്കുന്നതിനുവേണ്ടി നമ്മുടെ സംസ്ഥാനത്ത് എത്ര വിദ്യാർത്ഥികൾക്ക് സർക്കാർ മുൻകയ്യെടുത്ത് ലാപ് ടോപോ ടി.വി.-യോ ടാബ് ലെറ്റോ സ്മാർട്ട് ഫോണോ നൽകിയെന്ന് അങ്ങേയ്ക്ക് ദയവായി സഭയിൽ അറിയിക്കാൻ സാധിക്കുമോ; രണ്ടാമത്തെ പ്രശ്നം അങ്ങുതന്നെ സൂചിപ്പിച്ച ഇന്റർനെറ്റ് കണക്ടിവിറ്റിയെ സംബന്ധിച്ചാണ്. ഇന്റർനെറ്റ് ഒരവകാശമാണ് എന്നുപറയുന്ന ഒരു സംസ്ഥാനമാണ് നമ്മുടേത്. എന്റെ നിയോജകമണ്ഡലത്തിൽ അയ്യമ്പുഴ പോലെയും മലയാറ്റൂർ പോലെയുള്ള ഗ്രാമീണ മേഖലകളും മലയോര പ്രദേശങ്ങളുമുണ്ട്. കൂടാതെ തോട്ടം തൊഴിലാളികളുൾപ്പെടെ താമസിക്കുന്ന അട്ടപ്പാടി, വയനാട്, ഇടുക്കി എന്നിങ്ങനെ ധാരാളം പ്രദേശങ്ങളുണ്ട്. അവിടെ മൊബൈൽ ഫോണിന് 2 ജി കണക്ഷൻ പോലും കിട്ടാത്ത പ്രദേശങ്ങളാണ്. ഇത്തരം പ്രദേശങ്ങൾ എറണാകുളം ജില്ലയിലുമുണ്ട്. അവിടെ എങ്ങനെ ഓൺലൈൻ പഠനം നമുക്ക്

സാധ്യമാക്കാൻ കഴിയും. അതുപോലെ പല പ്രദേശങ്ങളിലും ഓൺലൈൻ പഠനത്തിന്റെ ഭാഗമായി ടീച്ചർ ഒരു ക്ലാസ് വീഡിയോ ആക്കി വാട്ട്സ് ആപ്പിൽ അയച്ചുകൊടുത്താൽ, വാട്സ് ആപ്പ് തുറന്നാൽ ആ വീഡിയോ ലോഡ് ചെയ്യുന്ന (വട്ടം കറങ്ങുന്ന) കാഴ്ച കണ്ടുകൊണ്ടിരിക്കുന്ന നിരവധി വിദ്യാർത്ഥികളും രക്ഷിതാക്കളും അദ്ധ്യാപകരുമൊക്കെ ഇന്ന് നമ്മുടെ നാട്ടിലുണ്ട് എന്ന യാഥാർത്ഥ്യം നമ്മൾ തിരിച്ചറിയാതെ പോകരുത്. ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ കണക്കനുസരിച്ച് നമ്മുടെ നാട്ടിൽ ഫോണുപയോഗിക്കുന്ന 17 ശതമാനം ആളുകൾക്ക് ഇന്റർനെറ്റ് സൗകര്യമില്ല എന്നാണ് പറയുന്നത്. അതുപോലെ രക്ഷിതാക്കളിൽ 35 ശതമാനം പേർ കുട്ടികൾക്ക് ഇന്റർനെറ്റ് സൗകര്യമൊരുക്കാൻ സാമ്പത്തികമായി പ്രയാസപ്പെട്ടുകൊണ്ടിരിക്കുന്നു എന്നാണ്. ആദിവാസി മലയോര-തീരദേശ മേഖലകളിലെ സാധാരണക്കാരന്റെയും പാവപ്പെട്ടവന്റെയും കുടുംബങ്ങൾ നമ്മൾ കാണാതെ പോകരുത്. കഴിഞ്ഞ ദിവസം ശ്രീ. സജീവ് ജോസഫും ശ്രീ. സി. ആർ. മഹേഷുമൊക്കെ അവരുടെ നിയോജകമണ്ഡലങ്ങളിൽ വിദ്യാർത്ഥികളനുഭവിക്കുന്ന ഇതുപോലെയുള്ള പ്രശ്നങ്ങൾ സഭയുടെ

ശ്രദ്ധയിൽ കൊണ്ടുവന്നതാണ്. 20 ലക്ഷത്തോളം കുടുംബങ്ങളിൽ ഇന്റർനെറ്റ് എത്തിക്കുമെന്ന വാഗ്ദാനത്തോടുകൂടിയാണ് കെ-ഫോൺ പദ്ധതി പ്രഖ്യാപിച്ചത്. എന്നാൽ എത്ര കുടുംബങ്ങളിൽ നമുക്ക് ഇന്റർനെറ്റ് എത്തിക്കാൻ സാധിച്ചു. മൂന്നാമത്തെ പ്രശ്നം, ഗാഡ്ജറ്റും ഇന്റർനെറ്റ് കണക്റ്റിവിറ്റിയുമുണ്ടെങ്കിലും ക്ലാസ്സുകൾ സ്വസ്ഥമായി മറ്റ് ശല്യപ്പെടുത്തലുകൾ കൂടാതെ ഏകാഗ്രമായി പഠിക്കാനായിട്ടുള്ള ഭൗതിക സാഹചര്യം എത്ര വീടുകളിലുണ്ടാകും. ഇതില്ലാത്ത എത്രയോ വീടുകളുണ്ടാകും. അത് വളരെ ആഴത്തിലുള്ള വിഷയമാണ്. ഞാനതിലേയ്ക്ക് വിശദമായി കടന്നു പോകാനാഗ്രഹിക്കുന്നില്ല. An Ideal space for learning; അതില്ലാത്ത നിരവധി വീടുകളുണ്ട്. ആ വിഷയം നമ്മൾ അഡ്രസ്സ് ചെയ്യേണ്ടതായിട്ടില്ലേ. അതുപോലെ നാലാമത്തെ പ്രശ്നം, ഓൺലൈൻ വിദ്യാഭ്യാസത്തിൽ ഇപ്പോൾ നടക്കുന്നത് സിലബസ് ഫോക്കസ്ഡ് ആയിട്ടുള്ള അധ്യയനമാണ്. വിദ്യാർത്ഥികളുടെ മനോവികാസം അവരുടെ ഡെവലപ്പ്മെന്റൽ നീഡ്സ് നമുക്ക് എത്രത്തോളം അഡ്രസ്സ് ചെയ്യാൻ സാധിക്കുമെന്ന്

പരിശോധിക്കേണ്ടതല്ലേ? ക്ലാസ്സ് റൂമിൽ അദ്ധ്യാപകരും വിദ്യാർത്ഥികളും തമ്മിലുള്ള ഒരു വ്യക്തിപരമായ ബന്ധമുണ്ട്. പക്ഷേ ഡിജിറ്റൽ വിദ്യാഭ്യാസത്തിലോ ഓൺലൈൻ വിദ്യാഭ്യാസത്തിലോ ഇത് സാധ്യമാകുന്നില്ല. വീടുകളിലായിരിക്കുമ്പോൾ രക്ഷിതാക്കൾക്ക് ഇക്കാര്യത്തിൽ പ്രത്യേകമായിട്ടുള്ള പങ്ക് വഹിക്കേണ്ടതായിട്ടുണ്ട്. വിദ്യാഭ്യാസമുള്ള രക്ഷിതാക്കളുണ്ട്; വിദ്യാഭ്യാസമില്ലാത്ത രക്ഷിതാക്കളുണ്ട്. അത്തരം കാര്യങ്ങളിൽ ആ വിദ്യാർത്ഥികളുടെ പഠനം എത്രത്തോളം ഫലപ്രദമാകുന്നുവെന്ന് നമുക്ക് കൃത്യമായി മനസ്സിലാക്കാൻ സാധിക്കുന്നുണ്ടോ? There will be a mentor teacher for every twenty students എന്ന് ബഹുമാനപ്പെട്ട മന്ത്രി ഒരു ഇന്റർവ്യൂവിൽ പറഞ്ഞതായി കാണാൻ കഴിഞ്ഞു. പക്ഷേ നമുക്കതിനനുസരിച്ച് അദ്ധ്യാപകർക്ക് ആവശ്യമായ പരിശീലനം നൽകാനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ കഴിഞ്ഞിട്ടുണ്ടോ?

<u>മി. സ്പീക്കർ</u>: യെസ്.....

<u>ശ്രീ. റോജി എം. ജോൺ:</u> സർ, രണ്ട് വിഷയങ്ങൾ കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. അദ്ധ്യാപകരുടെ ഷോർട്ടേജിനെ സംബന്ധിച്ച് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സഭയിലുന്നയിച്ചതാണ്. സംസ്ഥാനത്ത് നിരവധി വിദ്യാലയങ്ങൾ പ്രധാനാദ്ധ്യാപകർ മാത്രമുള്ളതോ അല്ലെങ്കിൽ ഏക അദ്ധ്യാപക വിദ്യാലയങ്ങളോ ആയി നിലനിൽക്കുകയാണ്. അടിയന്തരമായി അദ്ധ്യാപകരുടെ ഷോർട്ടേജ് പരിഹരിക്കാനുള്ള നടപടികൾ ഉണ്ടാകേണ്ടതായിട്ടുണ്ട്. സാങ്കേതികമായി സ്കൂൾ തുറക്കാത്തതുകൊണ്ട് അപ്പോയിന്റ്മെന്റ് കിട്ടിയിട്ടും ജോയിൻ ചെയ്യാൻ സാധിക്കാത്ത നിരവധി അദ്ധ്യാപകർ നമ്മുടെ നാട്ടിലുണ്ട്. ആ വിഷയം അഡ്രസ്സ് ചെയ്യേണ്ടതല്ലേ. 'An investment in knowledge pays best interest' എന്നാണ് ബെഞ്ചമിൻ ഫ്രാങ്ക്ളിൻ പറഞ്ഞിരിക്കുന്നത്. ഇക്കാര്യത്തിൽ നമ്മൾ സാമ്പത്തിക ലാഭം നോക്കരുത്. നമ്മുടെ വിദ്യാർത്ഥികളുടെ ഭാവിയെ സംബന്ധിക്കുന്ന വിഷയമാണ്. ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ

അവസാനിപ്പിക്കുകയാണ്. ഹയർ സെക്കന്ററി വിദ്യാർത്ഥികളുടെ പ്രശ്നം ഇവിടെ നിലനിൽക്കുന്നുണ്ട്. പ്ലസ് വൺ വിദ്യാർത്ഥികൾ പലരും ഒരു വർഷമായി പരസ്പരം കണ്ടിട്ടില്ല. അവർ അദ്ധ്യാപകരെ കണ്ടിട്ടില്ല. അതുപോലെ ഹയർ സെക്കന്ററിയിലും വൊക്കേഷണൽ ഹയർ സെക്കന്ററിയിലും rare വിഷയങ്ങളുണ്ട്. ആ rare വിഷയങ്ങൾ നമുക്കെങ്ങനെ വിക്ടേഴ്സ് ചാനലിലൂടെ ഫലപ്രദമായി എടുക്കാൻ സാധിക്കും. മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സ്കൂളുകളും നമ്മുടെ സ്കൂളുകളും തമ്മിലുള്ള വ്യത്യാസം കാണാതെ പോകരുതെന്നുള്ളതാണ്. നമ്മൾ വിക്ടേഴ്സ് ചാനലിനേയോ zoom ആപ്ലിക്കേഷനെയോ ഗൂഗിൾ മീറ്റിനെയോ ആശ്രയിക്കുമ്പോൾ സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സ്കൂളുകളൊക്കെ വളരെ സങ്കീർണ്ണമായ ഓൺലൈൻ ഉപകരണങ്ങളാണ് ഓൺലൈൻ വിദ്യാഭ്യാസത്തിനായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. മൈക്രോസോഫ്റ്റ് ടീംസ് ആപ്പ്, ഇൻസൈറ്റ്, ഗൂഗിൾ ക്ലാസ് റൂം പോലെയുള്ള വളരെ ഇന്ററാക്ടീവായിട്ടുള്ള

ആപ്ലിക്കേഷൻസ് അവർ ഇത്തരം പഠനത്തിനായി ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. ആ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ശ്രദ്ധ, അവിടെ ലഭിക്കുന്ന ഇന്ററാക്ഷൻ, അവിടെ ലഭിക്കുന്ന വ്യക്തിപരമായ സംരക്ഷണം നമ്മുടെ വിദ്യാർത്ഥികൾക്ക് ലഭിക്കാതെ പോവുകയാണ്. അത് വലിയൊരു വിവേചനമാണ്. കാരണം നമ്മുടെ രാജ്യത്ത് വിദ്യാഭ്യാസം സൗജന്യമാണെന്ന് പറയുമ്പോൾ ആ സൗജന്യവിദ്യാഭ്യാസ തത്വം ഇവിടെ അട്ടിമറിക്കപ്പെടുകയാണ്. യൂണിഫോമിട്ട് എല്ലാ വിദ്യാർത്ഥികളും ക്ലാസിലേയ്ക്കെത്തുമ്പോഴുള്ള ഒരു തുല്യത ക്ലാസ് ഡിജിറ്റലായി വീടുകളിലെത്തുമ്പോൾ നഷ്ടപ്പെട്ട് പോവുകയാണ്. അത് വളരെ ഗുരുതരമായിട്ടുള്ള മാനസിക പ്രശ്നങ്ങൾ വിദ്യാർത്ഥികളുടെ ഇടയിൽ സൃഷ്ടിക്കും. ദേവിക എന്ന ഒൻപതാം ക്ലാസിൽ പഠിക്കുന്ന ഒരു ദളിത് വിദ്യാർത്ഥിനിയുടെ അനുഭവം നമ്മുടെ മുമ്പിലുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഇനി ദേവികമാർ ഉണ്ടാകാൻ പാടില്ല. ഈ ഡിജിറ്റൽ ഡിവൈഡും വിവേചനവും നമ്മളിവിടെ അവസാനിപ്പിക്കേണ്ടതായിട്ടുണ്ട്. നമ്മുടെ

വിദ്യാർത്ഥികൾക്ക് ഇന്നത്തെ സാഹചര്യത്തിൽ ലോക നിലവാരത്തിലുള്ള ഓൺലൈൻ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഒരിക്കൽ കൂടി അഭ്യർത്ഥിക്കുന്നു.

ശ്രീ. വി. ശിവൻകുട്ടി: സർ, ഞാൻ പറഞ്ഞ കാര്യം തന്നെയാണ് ബഹുമാനപ്പെട്ട അംഗവും ആവർത്തിച്ച് ഇവിടെ സൂചിപ്പിച്ചത്. നമ്മുടെയെല്ലാം അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് ഇക്കാര്യങ്ങളെല്ലാം ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പറയുന്നത്. ഇതൊരു പുതിയ വിദ്യാഭ്യാസ രീതിയാണ്. കഴിഞ്ഞ കാലങ്ങളിലില്ലാത്ത പുതിയൊരു ദൗത്യവുമായി നമ്മൾ മുന്നോട്ട് പോകുകയാണ്. സ്വാഭാവികമായും അതിന്റെ കുറവുകൾ പൊതുവിലുണ്ടായെന്ന് വരാം. എന്നാൽ ആ കുറവുകൾ പരമാവധി കുറയ്ക്കുന്നതിനുള്ള പരിശ്രമമാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നതെന്ന കാര്യം ഞാനിവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ എല്ലാ

വിദ്യാർത്ഥികൾക്കും ഈ സൗകര്യം കിട്ടണമെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ നിലപാട്. അങ്ങ് സൂചിപ്പിച്ചതുപോലെ എം.എൽ.എ.-മാരും മന്ത്രിയും മാത്രം വിചാരിച്ചാൽ എല്ലാ കുട്ടികൾക്കും സൗകര്യങ്ങളെത്തിക്കാൻ ഇപ്പോൾ കഴിയുകയില്ല. (ബഹളം....) അങ്ങടക്കമുള്ള എം.എൽ.എ.-മാരുടെ സഹായമുണ്ടായാൽ മാത്രമെ നമുക്കിത് ഫലപ്രദമായി നടത്താൻ കഴിയുകയുള്ളൂവെന്ന കാര്യമാണ് ഞാനിവിടെ സൂചിപ്പിച്ചത്. സ്കൂൾ തലത്തിൽ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ കുടുംബശ്രീ, പി.ടി.എ., തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, പൂർവ്വ വിദ്യാർത്ഥി പ്രതിനിധികൾ, സ്കൂൾ ഭാരവാഹികളെല്ലാമുള്ള ഒരു കമ്മിറ്റിയുണ്ട്. ആ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഓരോ പ്രദേശത്തും എത്ര കുട്ടികൾക്ക് ഇത്തരം സൗകര്യക്കുറവുണ്ടെന്നതിനെ കുറിച്ച് നമുക്ക് കൂടുതൽ വിവരങ്ങൾ മനസ്സിലാക്കാൻ കഴിയും. സ്കൂൾ തുറന്നശേഷം കുറച്ചുദിവസം മാത്രം ആയിട്ടുള്ളതിനാൽ കൃത്യമായ വിവരശേഖരണം നടത്തിയിട്ടില്ല. എങ്കിൽ തന്നെയും എസ്.എസ്.കെ. നടത്തിയ ഒരു പഠനത്തിൽ പ്രാഥമികമായ

സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടത് 49,000 കുട്ടികൾക്കാണ് എന്ന് പറഞ്ഞിട്ടുണ്ട്. ഇത് ഏകദേശം ഒരു ശതമാനത്തിൽ അധികമാണ്. ഈ കുട്ടികൾക്ക് ഹയർ കാലയളവിൽത്തന്നെ ഇതിന്റെ സംവിധാനം ഒരുക്കാൻ കഴിയും. രാജ്യത്താകെ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ വിദ്യാഭ്യാസ രംഗത്ത് സ്തംഭനമുണ്ടായിട്ടുണ്ട്. ഡിജിറ്റൽ ക്ലാസിന്റെ കാര്യത്തിൽ കേരളം നടത്തിയ ശ്രമങ്ങൾക്ക് ഈ വർഷം മൂന്ന് ദക്ഷിണേന്ത്യൻ അവാർഡ് കിട്ടിയിട്ടുണ്ടെന്ന കാര്യം ഞാനിവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഒരു വിദ്യാർത്ഥിയ്ക്കുപോലും അവരുടേതല്ലാത്ത കാരണത്താൽ വിദ്യാഭ്യാസം നിഷേധിക്കുന്ന പ്രശ്നമില്ല. അവർക്ക് എല്ലാ സൗകര്യങ്ങളും ഭരണ-പ്രതിപക്ഷമുൾപ്പെടെ എല്ലാവരുടെയും സഹകരണത്തോടെ ഒരുക്കുന്നതിനായി നമുക്ക് ഒരുമിച്ച് മുന്നോട്ടുനീങ്ങാമെന്ന് പറഞ്ഞുകൊണ്ട് ഈ വിഷയം ഇവിടെ ചർച്ചചെയ്യേണ്ട ആവശ്യമില്ലെന്ന് ഞാൻ ഒരിക്കൽക്കൂടി പറയുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, മഹാമാരിയുടെ ഈ പശ്ചാത്തലത്തിലാണ് സംസ്ഥാനത്ത് ഓൺലൈൻ ക്ലാസ്സുകൾ

തുടങ്ങാൻ നാം നിർബന്ധിതരായി തീർന്നത്. അത് സർക്കാരോ വെറെ ആരെങ്കിലുമോ ഉണ്ടാക്കിയ സാഹചര്യമല്ല. നമ്മൾ ഒരു വർഷത്തിലധികമായി ഓൺലൈൻ ക്ലാസ്സുകൾ നടത്തുന്നു. ഒരു വർഷം കഴിഞ്ഞപ്പോൾ വിദ്യാഭ്യാസ വകുപ്പ് തീർച്ചയായും ഓൺലൈൻ ക്ലാസ്സുകളുടെ ഇംപാക്ട് എന്താണ്, അതിന്റെ കുറവുകൾ/ന്യൂനതകൾ എന്തെല്ലാമാണെന്ന് പരിശോധിക്കേണ്ടതായിരുന്നു. കൃത്യമായ പരിശോധന നടത്തി ആ കുറവുകൾ നികത്താനുള്ള നടപടികൾ ഈ അധ്യയന വർഷം തുടങ്ങുന്നതിനുമുമ്പ് സ്വീകരിക്കണമായിരുന്നു. നമുക്ക് രണ്ട് മാസത്തെ വെക്കേഷൻ ഉൾപ്പെടെ എല്ലാ കാര്യങ്ങളുമുണ്ടായിരുന്നു. എന്നാൽ നമ്മുക്കത് ചെയ്യാൻ കഴിഞ്ഞില്ല. അങ്ങ് പറഞ്ഞ കണക്കുകൾ തെറ്റാണെന്ന് ഞാൻ വിനയപൂർവ്വം പറയാൻ ആഗ്രഹിക്കുന്നു. ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ എഴുപത് പേജുള്ള റിപ്പോർട്ട് അങ്ങ് ദയവുചെയ്ത് വായിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. സംസ്ഥാനത്ത് ഏഴ് ലക്ഷത്തിലധികം കുട്ടികൾക്ക് ഓൺലൈൻ പഠനസൗകര്യമില്ലെന്നാണ് ആ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നത്.

അവർ പ്രത്യേകമായി സർവ്വേ നടത്തി പരിശോധിച്ചതനുസരിച്ച് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, തീരപ്രദേശങ്ങളിൽ താമസിക്കുന്ന കുടുംബങ്ങളിലെ കുട്ടികൾ, തോട്ടം തൊഴിലാളി മേഖലയിലുള്ള കുട്ടികൾ, മലയോര മേഖലയിലുള്ള കുട്ടികൾ ഇവരെല്ലാം ഇതിൽ ഉൾപ്പെടുമെന്നാണ് പറഞ്ഞിട്ടുള്ളത്. ആ മേഖലയിൽനിന്ന് വരുന്ന ധാരാളം ജനപ്രതിനിധികൾ ഇവിടെയുണ്ട്. അവിടെ ഇന്റർനെറ്റ് സംവിധാനം ഇല്ലാത്തവരും റെയിഞ്ച് ഇല്ലാത്തവരും സാമ്പത്തികമായ അസൗകര്യങ്ങൾ കൊണ്ട് മൊബൈൽ ഫോൺ വാങ്ങിക്കാൻ കഴിയാത്തവരുമുണ്ട്. ചിലപ്പോൾ ചില വീട്ടിൽ ഒരു മൊബൈൽ ഫോൺ മാത്രമാണുള്ളത്. ആ മൊബൈൽ ഫോണുമായി മാതാപിതാക്കൾ ആരെങ്കിലും ജോലിക്ക് പോയാൽ കുട്ടികൾ അവർ വരുന്നതുവരെ ക്ലാസ്സിനുവേണ്ടി കാത്തിരിക്കണം. അതിനിടയിൽ ലൈവ് ക്ലാസ്സുകളുണ്ട്. ആ ക്ലാസ്സുകൾ അറ്റന്റ് ചെയ്യാൻ കഴിയില്ല. രണ്ടും മൂന്നും കുട്ടികളുള്ള വീടുകളിൽ പോലും മാതാപിതാക്കളുടെ ഒരു ഫോണിനെ മാത്രം ആശ്രയിച്ചുകഴിയുന്ന കുട്ടികളുണ്ട്. ഇതുവരെയുള്ള

റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത് പൂർണ്ണമായി പാഠഭാഗങ്ങൾ പഠിപ്പിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതാണ്. അതുകൊണ്ടാണ് ഗവൺമെന്റ് പ്ലസ് വൺ പരീക്ഷ ഫോക്കസ് പാർട്ട് മാത്രം വച്ചുകൊണ്ട് നടത്താൻ പോകുന്നത്. സിലബസ്സിന്റെ പകുതി പോലും തീർക്കാൻ പല കാരണങ്ങൾ കൊണ്ട് കഴിഞ്ഞിട്ടില്ല. മാത്രമല്ല വളരെ പ്രധാനപ്പെട്ട കാര്യം 40% കുട്ടികൾ പോലും അവസാനമായപ്പോൾ ഓൺലൈൻ ക്ലാസ്സുകളിൽ കയറുന്നില്ലെന്നാണ് അദ്ധ്യാപകർ പറയുന്നത്. ഞാൻ ഇന്നലെ പല ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന പത്തോളം അദ്ധ്യാപകരുമായി ഇന്നലെ രാത്രിയും ഇന്ന് രാവിലെയുമായി ബന്ധപ്പെട്ടു. ആദ്യം കുട്ടികളിൽ വലിയ ആവേശമായിരുന്നു. ഇപ്പോൾ കുട്ടികളിൽ 40%-ത്തോളം പേർ ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കുന്നില്ല. മാത്രമല്ല മറ്റ് ആവശ്യങ്ങൾക്കായി കുട്ടികൾ ഈ ഫോൺ ഉപയോഗിക്കുന്നതായിട്ടുള്ള പരാതികൾ വ്യാപകമായി മാതാപിതാക്കളിൽ നിന്ന് വരുന്നു. എല്ലാ മാതാപിതാക്കൾക്കും കുട്ടികളുടെ കൂടെ ഇരുന്ന് ഓൺലൈൻ ക്ലാസ്സ് അറ്റന്റ് ചെയ്യാൻ പറ്റില്ല. ജീവിത പ്രാരാബ്ധങ്ങൾ കൊണ്ട് പലർക്കും ജോലിക്കും പല കാര്യങ്ങൾക്കുമായി പുറത്ത്

പോകേണ്ടിവരും. മാത്രമല്ല ഇത് വിക്റ്റേഴ്സ് ചാനലിൽ നിന്നുള്ള ക്ലാസ്സാണ്. ഇപ്പോൾ പുതിയ ഓർഡർ ഇറക്കിയിട്ടുണ്ട്. കഴിഞ്ഞ പ്രാവശ്യം സ്കൂൾ ടീച്ചേഴ്സ് പഠിപ്പിക്കണമെന്ന ഒരു നിഷ്കർഷ ഗവൺമെന്റിന്റെ ഭാഗ<u>ത്തു</u>നിന്ന് ഉണ്ടായിരുന്നില്ല. സി.ബി.എസ്.സി. പരീക്ഷകൾ മുഴുവൻ റദ്ദാക്കി. നമ്മൾ പ്ലസ് ടു പരീക്ഷകൾ നടത്തി. ഞാൻ അതിനെ കുറ്റപ്പെടുത്തുന്നില്ല. ഇപ്പോൾ സെപ്റ്റംബർ 6-ാം തീയതി പ്ലസ്‌വൺ പരീക്ഷ നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. സംസ്ഥാന<u>ത്തു</u>ള്ള മുഴുവൻ കുട്ടികളും ജനപ്രതിനിധികളെ വിളിക്കുകയാണ്. കാരണം അവർക്ക് പ്ലസ്ടുവിന്റെ ക്ലാസ് തുടങ്ങി മൂന്നുമാസം കഴിഞ്ഞിട്ടാണ് ഈ പരീക്ഷ വച്ചിരിക്കുന്നത്. ഈ വർഷം ജൂൺ 21-ാം തീയതി അവരുടെ പ്രാക്ടിക്കൽ പരീക്ഷയാണ്. ഒരു ക്ലാസ്സിലേയ്ക്ക് പ്രൊമോഷൻ കിട്ടി മൂന്നുമാസം കഴിഞ്ഞിട്ട് മുമ്പ് പഠിച്ച ഭാഗങ്ങളുടെ പേരിൽ പരീക്ഷ എഴുതണമെന്നാണ് ആവശ്യപ്പെടുന്നത്. മാത്രമല്ല, പാഠഭാഗങ്ങൾ പഠിപ്പിച്ച് തീർന്നിട്ടുമില്ല. അപ്പോൾ പ്രധാനപ്പെട്ട ചില ഭാഗങ്ങൾമാത്രം ഫോക്കസ് ചെയ്ത് പരീക്ഷ നടത്താനുള്ള തീരുമാനമാണ് ഇപ്പോഴുണ്ടായിരിക്കുന്നത്. അതുതന്നെ പല സ്കൂളുകളിലും രണ്ടാമത് പഠിപ്പിക്കണം. അതായത്, സർക്കാർ പറഞ്ഞ മുഴുവൻ

പാഠഭാഗങ്ങളും വച്ച് പരീക്ഷ നടത്തുന്നില്ല. ചില കണ്ടന്റ് മാത്രം ഉൾപ്പെടുത്തി പരീക്ഷ നടത്താൻ പോകുന്നുവെന്നാണ് സർക്കാർ പറയുന്നത്. ആ ഭാഗംപോലും പഠിപ്പിക്കാത്ത ധാരാളം സ്കൂളുകൾ കേരളത്തിലുണ്ട്. അപ്പോൾ അത് വീണ്ടും പഠിപ്പിക്കണം. പ്ലസ്ടു ക്ലാസ്സിലിരുന്നുകൊണ്ട് പ്ലസ്‌വൺ ക്ലാസ്സിൽ പഠിപ്പിക്കേണ്ട കാര്യം രണ്ടാമത് പഠിപ്പിച്ചിട്ട് സെപ്റ്റംബർ 6-ാം തീയതി ഈ പരീക്ഷ എഴുതേണ്ട സാഹചര്യമാണുള്ളത്. പരീക്ഷ സെപ്റ്റംബറിലേയ്ക്ക് പ്രഖ്യാപിക്കുമ്പോൾ സർക്കാരോ ബന്ധപ്പെട്ടവരോ ഇത്തരം കാര്യങ്ങൾ പരിശോധിച്ച് ചെയ്യേണ്ടതായിരുന്നു.

കെ.എസ്.എഫ്.ഇ. ഇപ്പോൾ സ്ഥാപനങ്ങൾക്ക് മാത്രമാണ് സഹായം കൊടുക്കുന്നത്. അവർ പറയുന്നത് സാംസ്കാരിക നിലയം, ലൈബ്രറി അവിടെയൊക്കെ ടി.വി. വാങ്ങിവച്ച് പഠിക്കാനാണ്. എന്നാൽ പിന്നെ ഈ ഓൺലൈൻ ക്ലാസ്സിന്റെ പ്രസക്തി എന്താണ്; അതിന്റെ സാംഗത്യം എന്താണ്? സാമൂഹിക അകലം പാലിക്കുന്നതിനുവേണ്ടിയാണ് കുട്ടികളെ സ്കൂളുകളിലേയ്ക്ക് വിടാത്തത്. അപ്പോൾ അവർ സാംസ്കാരിക നിലയത്തിലും ലൈബ്രറിയിലും പോയിരുന്നു പഠിച്ചാലോ; വലിയ കഷ്ടമാണ്.

ട്യൂഷൻ എടുത്ത് ജീവിക്കുന്ന ധാരാളം കുടുംബങ്ങൾ കേരളത്തിലുണ്ട്. ലോക്ക്ഡൗണിന്റെ ഭാഗമായി ആ ട്യൂഷൻപോലും വേണ്ടായെന്ന് വച്ചിരിക്കുകയാണ്. ആ സാഹചര്യത്തിലാണ് കെ.എസ്.എഫ്.ഇ. ഈ സ്ഥാപനങ്ങൾക്ക് മാത്രമായി സഹായം കൊടുക്കുന്നത്. വ്യക്തികൾക്ക് കൊടുക്കില്ല. അവരുടെ മാതാപിതാക്കളുടെ ഗ്യാരന്റിയുടെ അടിസ്ഥാനത്തിൽ കുട്ടികൾക്ക് കൊടുക്കില്ല. അതിന്റെ ആവശ്യകത മനസ്സിലാക്കാതെ സാംസ്കാരിക നിലയത്തിലും സ്കൂളിലും ടി.വി.-യും മറ്റു സാധനങ്ങളും വാങ്ങിവച്ചിട്ട് എന്താണ് കാര്യം; ഇതിന്റെ പർപ്പസ് സെർവ് ചെയ്യുമോ? അതുമാത്രമല്ല, അദ്ധ്യാപകർ പറഞ്ഞിട്ടുള്ള പ്രധാനപ്പെട്ട ഒരു കാര്യം, പഠനനിലവാരം ഗണ്യമായി കുറയുകയാണ്. ഞാൻ പറയട്ടെ, 9, 10 ക്ലാസ്സുകളിൽ നന്നായി പഠിക്കാതെ ആ പഠനത്തിന്റെ......

മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, അങ്ങ് ഈ സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലാണ് പഠന ക്ലാസ്സിനെപ്പറ്റി സംസാരിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കെ.എസ്.എഫ്.ഇ. 80 ശതമാനവും എം.എൽ.എ.-മാരും മറ്റുള്ളവരും അവരുടെ ആസ്തി വികസന ഫണ്ടിൽനിന്ന്

അല്ലെങ്കിൽ മറ്റുതരത്തിൽ 20 ശതമാനവും പണം കൊടുത്ത് എൽ.ഇ.ഡി. ടി.വി. വാങ്ങാം; അതുകൂടാതെ മൊബൈൽ/ സ്മാർട്ട് ഫോൺ വാങ്ങാം; അങ്ങനെ എല്ലാ വീടുകളിലും എത്തിക്കാൻ കഴിയാത്ത സ്ഥലത്ത് അഞ്ച് കുട്ടികളെ സാമൂഹിക അകലം പാലിച്ച് ഗ്രന്ഥശാലയിലോ മറ്റ് സ്ഥലങ്ങളിലോ ഇരുത്തി പഠനം നടത്താൻ വേണ്ടിയുള്ള സംവിധാനം തീരുമാനിച്ചിരുന്നു. അത് ഫലപ്രദമായി പല മണ്ഡലങ്ങളിലും നടന്നിട്ടുണ്ട്. അങ്ങ് അത് മനസ്സിലാക്കിയിട്ടുണ്ടോയെന്നാണ് എന്റെ സംശയം.

ശ്രീ. വി. ഡി. സതീശൻ: സർ, അതിന്റെ സാംഗത്യം എന്താണെന്നാണ് ഞാൻ ചോദിച്ചത്. സ്കൂൾ തുറക്കാതെ വീട്ടിലിരുന്ന് പഠിക്കാൻ പറയുന്നതാണല്ലോ ഓൺലൈൻ ക്ലാസ്. ഈ പറയുന്നതുപോലെ സാംസ്കാരികനിലയത്തിലും ലൈബ്രറിയിലും പോയാൽ സാമൂഹിക അകലം കുട്ടികൾ പാലിക്കുമോ? ഇവിടത്തെ ഭരണകക്ഷി അംഗങ്ങൾ ഉൾപ്പെടെ ഞങ്ങൾ അന്ന് പറഞ്ഞതാണ്. വ്യക്തികൾക്ക് കിട്ടിയാൽ മാത്രമേ.... അവർക്ക് ചിട്ടിയിൽ ചേർന്നാൽ.... മുഖ്യമന്ത്രി തന്നെ കഴിഞ്ഞ ദിവസം വളരെ കുറച്ചുപേർക്കാണ് അത് കിട്ടിയിട്ടുള്ളതെന്ന് പറഞ്ഞു. ചിട്ടിയിൽ ചേർന്നാൽ.... അതിന്റെ വിതരണം കൃത്യമായി നടന്നിട്ടില്ല. ഇത് സഭയെ

തെറ്റിദ്ധരിപ്പിക്കാൻ പറയുകയല്ല, ഇത് ഒരു ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ, സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ, പൊതുഫോക്കസിൽ വരുത്താൻവേണ്ടി പറയുകയാണ്. ഇങ്ങനെയൊരു ഡിജിറ്റൽ ഡിവൈഡ് കേരളത്തിലുണ്ടെന്നാണ് ശ്രീ. റോജി എം. ജോൺ പറഞ്ഞത്. അത് യാഥാർത്ഥ്യമല്ലേ; ഏഴ് ലക്ഷത്തിലധികം കുട്ടികൾക്ക് ഈ ഓൺലൈൻ സൗകര്യങ്ങൾ ഉപയോഗിക്കാൻ കഴിയുന്നില്ലെന്ന് പറഞ്ഞാൽ അത് നമുക്ക് അപമാനകരമല്ലേ? സഭയെ തെറ്റിദ്ധരിപ്പിക്കാനാണോ ശ്രീ. റോജി എം. ജോൺ പറഞ്ഞത്? അത് കണ്ടിട്ട് സ്പോൺസർമാർ ഉണ്ടാകട്ടെ. ഡിജിറ്റൽ ഡിവൈഡ് ഇല്ലാത്ത ആദ്യത്തെ നിയോജകമണ്ഡലമായി എന്റെ നിയോജകമണ്ഡലത്തെ പ്രഖ്യാപിച്ച ആളാണ് ഞാൻ. ഞങ്ങൾ ഗവൺമെന്റുമായി പൂർണ്ണമായി സഹകരിച്ച ആൾക്കാരാണ്. ഞാൻ 300-ലധികം ടി.വി-കളും 200-ലധികം ടാബ്‌ലെറ്റുകളും 125 മൊബൈൽ ഫോണുകളും വിതരണം ചെയ്തു. ഇപ്പോഴും ഏതെങ്കിലും കുട്ടിയുടെ ഫോൺ കേടായാൽ, ഏതെങ്കിലും കുട്ടിയുടെ വീട്ടിലെ ടി.വി. കേടായാൽ അത് ഉടൻതന്നെ മാറ്റിക്കൊടുക്കുന്ന ആളാണ് ഞാൻ. ഞങ്ങൾ ഇത് സഭയെ തെറ്റിദ്ധരിപ്പിക്കാൻ പറഞ്ഞതല്ല. ഇത് സർക്കാർ

പ്രഖ്യാപിച്ചതാണ്. കഴിഞ്ഞ മന്ത്രിസഭയിലെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ഞങ്ങൾക്ക് എല്ലാവർക്കും കത്ത് എഴുതിയപ്പോൾ, ഡിജിറ്റൽ ഡിവൈഡ് ഇല്ലാത്ത കേരളത്തിലെ ആദ്യത്തെ നിയോജകമണ്ഡലമായിരിക്കും എന്റേതെന്ന് പ്രഖ്യാപിച്ച് ഭംഗിയായി നടപ്പാക്കിയ ആളാണ് ഞാൻ. പക്ഷെ, ഇതൊന്നും നമ്മുടെ ഭാഗത്തല്ല; കൊച്ചി നഗരത്തോട് ചേർന്നുകിടക്കുന്ന നിയോജകമണ്ഡലമാണ് എന്റേത്. കുറേ സ്പോൺസർമാരെ കിട്ടണമെങ്കിൽ കിട്ടും. ഞങ്ങൾ സ്പോൺസർമാരെക്കൊണ്ടും സി.എസ്.ആർ. ഫണ്ടുമൊക്കെ ഉപയോഗിച്ചാണ് ഇത് ചെയ്തത്. നമ്മുടെ കയ്യിൽനിന്ന് കൊടുക്കുന്നതല്ല. ഞാൻ ചോദിക്കട്ടെ, അട്ടപ്പാടിയിലും ദൂരെ സ്ഥലങ്ങളിലുമുള്ള കുട്ടികൾക്ക് ആര് കൊടുക്കും? തോട്ടം തൊഴിലാളി മേഖലയിലെ പട്ടിണിയും ദാരിദ്ര്യവുമുള്ള പ്രദേശങ്ങളിലെ കാര്യമാണ് ഞങ്ങൾ പറയുന്നത്. അവിടെയുള്ളവർക്ക് നമ്മുടെ താങ്ങും തണലും വേണം. ഇത്തരം വിഷയങ്ങൾ ഫോക്കസിൽ വരുമ്പോൾ സ്പോൺസർമാരും ഇത് കേൾക്കുന്ന ആളുകളും ഇത് ശ്രദ്ധയിൽപ്പെടുന്ന ആളുകളും എല്ലാവരുംകൂടി ചേർന്ന് ചെയ്യുന്നതിനാണ് ഞങ്ങൾ വാക്കൗട്ട് ഒഴിവാക്കി ഈ വിഷയം അവതരിപ്പിക്കുന്നത്. അത് ഗവൺമെന്റിനെ പ്രതിക്കൂട്ടിൽ നിർത്താനാണോ? ഇത് ഞാൻ തുടക്കത്തിൽ

പറഞ്ഞതാണ്. സർക്കാർ വിദ്യാഭ്യാസരംഗത്ത് വേറെ നിവൃത്തിയില്ലാത്തതുകൊണ്ട് തുടങ്ങിയതാണ്. ഒരു വർഷം പൂർത്തിയാക്കുമ്പോൾ ഇതിന്റെ കുറവ്, ഇതിന്റെ ന്യൂനത എന്താണെന്ന് മനസ്സിലാക്കി അത് പരിഹരിക്കാനുള്ള ശ്രമം നടത്തിയില്ലെങ്കിൽ ക്ലാസ്സുകളുടെ നിലവാരം കുറയുമ്പോൾ അത് ഹയർ എഡ്യൂക്കേഷനെ ബാധിക്കും. ഇപ്പോൾ പ്ലസ് വൺ-ലും പ്ലസ്ടുവിലും പഠനനിലവാരം കുറഞ്ഞാൽ ആ കുട്ടികൾ പോകേണ്ടത് എവിടെയാണ്? നല്ലൊരു ശതമാനം കുട്ടികൾ പ്രൊഫഷണൽ വിദ്യാഭ്യാസത്തിനും ഹയർ എഡ്യൂക്കേഷനും പോകേണ്ടതാണ്. അവരുടെ ബെയ്സ് മോശമായാൽ പഠനത്തിന്റെ നിലവാരം കുറയും. ആ സ്റ്റാൻഡേർഡ് കുറയാതിരിക്കാൻ നമുക്ക് എന്തെല്ലാം ചെയ്യാൻ സാധിക്കുമോ ചെയ്യണം. പല വികസിത രാജ്യങ്ങളിലും വളരെ ഭംഗിയായി ഈ സാഹചര്യത്തെ........

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, അങ്ങ് ദീർഘിപ്പിക്കുന്നില്ല എന്നുപറഞ്ഞാൽ സാധാരണ ദീർഘിപ്പിക്കാറില്ല.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, പല ആളുകളും സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ, ഒരു വ്യവസ്ഥയ്ക്ക് വിധേയമായി എം.എൽ.എ.

ഫണ്ടിന്റെ ഒരു നിശ്ചിതസംഖ്യ ഈ ആവശ്യത്തിന് ഉപയോഗിക്കുന്നത് നല്ലതാണോ?

<u>ശ്രീ. വി. ഡി. സതീശൻ</u>: വളരെ നല്ലൊരു പ്രൊപ്പോസലാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. സണ്ണി ജോസഫ് നൽകിയത്. ഗവൺമെന്റിന്റെ പരഗണനയ്ക്കായി ഞങ്ങൾ അത് സമർപ്പിക്കുകയാണ്. അതുകൊണ്ട് ഡിജിറ്റൽ ഡിവൈഡ് പൂർണ്ണമായി ഇല്ലാതാക്കി, പാവപ്പെട്ട, പാർശ്വവൽക്കരിക്കപ്പെട്ട എല്ലാ ജനസമൂഹത്തിലെയും കുട്ടികൾക്ക് ഇത് ഉറപ്പുവരുത്താനുള്ള ബാധ്യത നമുക്കെല്ലാവർക്കുമുണ്ട്. അക്കാര്യത്തിൽ ഗവൺമെന്റ് മുൻഗണനാടിസ്ഥാനത്തിൽ കാര്യങ്ങൾ തീരുമാനിച്ച് നടത്തണമെന്നുള്ള ഒരു അഭ്യർത്ഥന സർക്കാരിന് മുന്നിൽ സമർപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)